>> കുടക് കത്ത്

# വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം അപായ സൂചന

**വീരാജ്പേട്ട** ഇസ്‌ലാമിക് സർവീസ് ട്രസ്റ്റിന്റെ കീഴിലുള്ള ബ്രൈറ്റ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വാർഷികം ആഘോഷിച്ചു. അരമേരി കളഞ്ചേരിമഠത്തിലെ പീഠാധിപതി ശ്രീശ്രീ ശാന്തമല്ലികാർജുന സ്വാമികളാണ് ഉദ്ഘാടനം ചെയ്തത്. വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണം അപായ സൂചനകളാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസത്തിൽ ധാർമിക മൂല്യങ്ങൾക്ക് സ്ഥാനം നൽകേണ്ടതുണ്ട്. കർണാടക നിയമനിർമാണ കൗൺസിൽ അംഗം സി.എസ് അരുൺ മാച്ച, സെന്റ് ആൻസ് സ്ഥാപനങ്ങളുടെ കൺവീണർ ഫാ. ഗിൽബർട്ട് ഡിസിൽവ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജ. ഇ. കുടക്-മംഗലാപുരം നാസിം യു.അബ്ദുസ്സലാം അധ്യക്ഷത വഹിച്ചു. സ്ഥാപനങ്ങളുടെ ചെയർമാൻ കെ.പി.കെ മുഹമ്മദ്, ടൗൺ പഞ്ചായത്ത് അംഗം മൊയിനുദ്ദീൻ, മുൻ അംഗം മന്നാ ശാഹുൽ ഹമീദ് എന്നിവർ സംബന്ധിച്ചു. സുഹൈൽ ഖിറാഅത്ത് നടത്തി. സെക്രട്ടറി പി.കെ അബ്ദുർറഹ്മാൻ സ്വാഗതം പറഞ്ഞു. വിദ്യാർഥികളുടെ കലാപരിപാടികൾ നടന്നു.

'മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ല. ദൈവവിശ്വാസം മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. ഏകദൈവ വിശ്വാസം മനുഷ്യനെ സഹജീവി സ്നേഹം കാണിക്കാൻ പ്രേരിപ്പിക്കുന്നു', മടിക്കേരി(കുടക്) ജ. ഇ. ഘടകം 'ദൈവ വിശ്വാസം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു. കുടക് ജില്ലാ ഗോ സംരക്ഷണസമിതി ചെയർമാൻ ജി.ടി രാഘവേന്ദ്ര, ഫാ. എലിഷ്കുമാർ, മംഗലാപുരം ശാന്തി പ്രകാശന പ്രസാധനാലയത്തിന്റെ മാനേജർ മുഹമ്മദ് കുഞ്ഞി എന്നിവർ സംസാരിച്ചു. മതം നിഗൂഢമായിരിക്കാതെ തുറന്ന പുസ്തകമാകേണ്ടതുണ്ടെന്ന് അധ്യക്ഷത വഹിച്ച യു. അബ്ദുസ്സലാം അഭിപ്രായപ്പെട്ടു. മുഹമ്മദ് അൻവർ ഖിറാഅത്ത് നടത്തി. മുഹമ്മദ് മുസ്ത്വഫ സ്വാഗതവും മുഹമ്മദ് ഹനീഫ് നന്ദിയും പറഞ്ഞു.

വീരാജ്പേട്ടയിൽ ജ. ഇ. സാമൂഹിക സേവന വിഭാഗവും യുവജന വിഭാഗവും സഹകരിച്ച് രണ്ടു നിർധന കുടുംബത്തിന് വീട് നിർമിച്ചു നൽകി. മദീനാ മസ്ജിദ് ഖത്വീബ് മൗലാനാ നവീദ് താക്കോൽ ദാനം നിർവഹിച്ചു. ജ. ഇ. കാർകുൻ ഹൽഖാ നാസിം കെ.പി.കെ മുഹമ്മദ് അധ്യക്ഷത വഹിച്ചു. ടൗൺ പഞ്ചായത്ത് അംഗങ്ങളായ മൊയിനുദ്ദീൻ, എസ്.എച്ച് മത്തീൻ മുഹമ്മദ്, എഞ്ചിനീയർ മുഹമ്മദ് ഇൽയാസ്, പി.കെ മുഹമ്മദ്, സി.കെ മുസ്ത്വഫ എന്നിവർ മുഖ്യാതിഥികളായിരുന്നു.

എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് മുഹമ്മ് റാഫി ആമുഖം നടത്തി. എൻ.കെ ശഫീഖ് ഖിറാഅത്ത് നടത്തി. ഇ.എം മുഹമ്മദ് സിറാജ് നന്ദി പറഞ്ഞു. ■

**അബ്ദുർറഹ്മാൻ, വീരാജ്പേട്ട**